കുറിയ ഇനം തെങ്ങിൻ തൈ വിതരണം

141 (1510) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കർഷകർക്ക് കുറിയ ഇനം തെങ്ങിൻ തൈകൾ വിതരണം ചെയ്യുമെന്ന് വാഗ്ദാനം നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതുവരെ എത്ര കർഷകർക്കാണ് തൈകൾ നൽകിയിട്ടുള്ളത് ; എത്ര തൈകൾ വിതരണം ചെയ്തു ;

(സി) എവിടെനിന്നുമാണ് തൈകൾ ശേഖരിക്കുന്നത് ; എത്ര രൂപയ്ക്കാണ് അവ കർഷകർക്ക് നൽകി വരുന്നത് ; വ്യക്തമാക്കാമോ ;

(ഡി) കൃഷി ഭവനുകൾ വഴി നേരിട്ടാണോ തൈകൾ വിതരണം ചെയ്യുന്നത് ?

ഉത്തരം

(എ) ഉണ്ട്. സങ്കരയിനത്തിൽപ്പെട്ട തെങ്ങിൻ തൈകൾ കൃഷി വകുപ്പിന്റെ കീഴിലുള്ള വിവിധ ഫാമുകളിൽ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് നൽകുന്നുണ്ട്.

(ബി) 2014 പ്ലാന്റിംഗ് സീസണിൽ 63237 എണ്ണം കുറിയ ഇനം തെങ്ങിൻ തൈകൾ (സങ്കരയിനം ഉൾപ്പെടെ) ഉൽപ്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്.

കൃഷി വകുപ്പിന്റെ കീഴിലുള്ള വിവിധ ഫാമുകളിൽ (തെങ്ങിൻ തൈ നഴ്സറികൾ ഉൾപ്പെടെ) കർഷകരിൽ നിന്നും വിവിധ പദ്ധതികൾ മുഖേന ശേഖരിക്കുന്ന വിത്തു തേങ്ങകൾ പാകി മുളപ്പിച്ച് അതിൽ നിന്നും തെരഞ്ഞെടുക്കുന്ന ഗുണമേൻമയുള്ള തെങ്ങിൻ തൈകളാണ് കർഷകർക്ക് വിതരണം ചെയ്യുന്നത്.

ഓരോ വർഷവും സർക്കാർ നിശ്ചയിക്കുന്ന വിൽപ്പന വിലയ്ക്കാണ് തെങ്ങിൻ തൈകൾ കർഷകർക്ക് നൽകിവരുന്നത്.

2015 പ്ലാന്റിംഗ് സീസണിൽ വിവിധ ഇനം തെങ്ങിൻ തൈകൾക്ക് സർക്കാർ നിശ്ചയിച്ച വിൽപ്പന വില ചുവടെ ചേർക്കുന്നു :

1.	കുറിയ ഇനം (എംവൈഡി) ഉൾപ്പെടെ	75 രൂപ
2.	സങ്കര ഇനം	125 ,,
3.	സെഗ്രിഗൻസ്	65 ,,
4.	സങ്കര ഇനം (പോളി ബാഗിൽ)	150 ,,
5.	കുറിയ ഇനം (പോളി ബാഗിൽ)	100 ,,

LIBRARY ARCHIVES Kerala Legislative Assembly

കൃഷി ഭവനുകൾ വഴിയും കൃഷി വകുപ്പിന്റെ കീഴിലുള്ള സെയിൽസ് കൗണ്ടറുകൾ വഴിയും ഫാമുകളിൽ നിന്ന് നേരിട്ടും വിതരണം ചെയ്യുന്നു.

നിറവ് പദ്ധതി

142 (1511) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കൊയിലാണ്ടി മണ്ഡലത്തിൽ നിറവ് പദ്ധതിയുടെ ഭാഗമായി നടപ്പാക്കിയിട്ടുള്ള പദ്ധതികൾ വിശദമാക്കാമോ ;

(ബി) കൃഷിവകുപ്പ് ഈ ഗണത്തിൽ ഇതുവരെ ഏതെല്ലാം പദ്ധതികൾ തയ്യാറാക്കി സമർപ്പിച്ചു എന്നും ഏതെല്ലാം പദ്ധതികൾ അംഗീകരിച്ചു എന്നും ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കിത്തുടങ്ങി എന്നും വിശദമാക്കാമോ ?

ഉത്തരം

(എ) കൊയിലാണ്ടി മണ്ഡലത്തിൽ നിറവ് പദ്ധതിയുടെ ഭാഗമായി ചുവടെ പറയുന്ന പദ്ധതികൾ 2014-15 ൽ നടപ്പാക്കിയിട്ടുണ്ട് :

1. നെൽകൃഷി വികസന പദ്ധതി
2. ബയോഗ്യാസ് വികസന പദ്ധതി.
3. സുഗന്ധ വ്യഞ്ജന കൃഷി വികസന പദ്ധതി.
4. പച്ചക്കറി വികസന പദ്ധതി.
5. വിള ആരോഗ്യ പരിപാലനം
6. ആർ.കെ.വി.വൈ.
7. എസ്.എച്ച്.എം. പദ്ധതികൾ.
8. കേര സമൃദ്ധി
9. നെൽ കൃഷിക്കാർക്ക് ഉൽപ്പാദന ബോണസ്
10. പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി.

കൃഷിവകുപ്പിന്റെ സംസ്ഥാനാവിഷ്കൃതമായ മുഖ്യ പദ്ധതികളെല്ലാം തന്നെ കൊയിലാണ്ടി മണ്ഡലത്തിൽ 2014-15 -ൽ നടപ്പിലാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly